# ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക , അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല .

യഹൂദ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ മൂന്നു വയസ്സു മുതൽ "ക്ഷേമ" ചൊല്ലി പഠിപ്പിക്കുന്നു . ക്ഷേമ എന്ന പദത്തിന്റെ അർത്ഥം "കേൾക്ക" എന്നത്രേ . അറബിയിൽ "ഇസ്മ" എന്ന പദം കൊടുത്തിരിക്കുന്നു . ആവ: 6: 4 മുതൽ വായിച്ചാൽ "ക്ഷേമ" യിൽ അടങ്ങിയിരിക്കുന്ന വസ്തുത മനസ്സിലാക്കാം. "യിസ്രായേലേ കേൾക്ക യഹോവ നമ്മുടെ ദൈവമാകുന്നു , അവൻ ഏകൻ തന്നെ , നിന്റെ ദൈവമായ യഹോവയെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം , അവയെ നീ മക്കൾക്ക് ഉപദേശിച്ചു കൊടുക്കണം" തുടങ്ങിയ വാക്യങ്ങൾ ചെറുപ്പത്തിലേ മനഃപാഠമാക്കുന്ന കുട്ടികൾ ഒരിക്കലും അതു മറന്നു പോകുന്നില്ല .

നമ്മുടെ കുട്ടികൾക്ക് വേദപുസ്തകത്തിലെ വാക്യങ്ങളും സങ്കീർത്തനങ്ങളും പറഞ്ഞു കൊടുത്തു പഠിപ്പിക്കണം . അത് ഭാവി ജീവിതത്തിൽ അവരെ വളരെയേറെ സ്വാധീനിക്കുകയും ആകാത്ത വഴിയിൽ നിന്നും പിൻതിരിപ്പിക്കുകയും ചെയ്യും . കുട്ടികളിൽ കാണുന്ന അനുസരണക്കേടുകളും തെറ്റുകളും കുസൃതികളായി കണ്ട് ചിരിച്ചുതള്ളാതെ തെറ്റുകൾ പറഞ്ഞു മനസ്സിലാക്കി അവർ അർഹിക്കുന്ന ശിക്ഷ നൽകുവാൻ മാതാപിതാക്കൾ ബാദ്ധ്യസ്ഥരാണ്. ബാലന്റെ ഹൃദയത്തോടു ഭോഷത്വം പറ്റിയിരിക്കുന്നു ശിക്ഷയ്ക്കുള്ള വടി അതിനെ അവനോട് അകറ്റുന്നു , വടിയെ സ്നേഹിക്കുന്നവൻ തന്റെ മകനെ പകെയ്ക്കുന്നു , വടികൊണ്ടടിച്ചാൽ അവൻ ചത്തുപോകയില്ല എന്നിങ്ങനെ കുട്ടികളെ ശിക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു .

മക്കൾ സകലത്തിലും മാതൃകയാക്കുന്നതു മാതാപിതാക്കളെയാണ് . മാതാപിതാക്കളുടെ സംസാരവും പെരുമാറ്റവും അതുപോലെ അനുകരിക്കാൻ കുഞ്ഞുങ്ങൾ ശ്രമിക്കും . പരസ്പര സ്നേഹവും ഐക്യതയും വിശ്വാസവുമുള്ള കുടുഃബാന്തരീക്ഷത്തിൽ ദൈവഭക്തിയോടെ വളർത്തപ്പെടുന്ന കുട്ടികൾ യൗവ്വന പ്രായമാകുമ്പോൾ അല്പം ഉഴപ്പി നടന്നാൽപോലും അവരുടെ ഉള്ളിന്റെ ഉള്ളിലെ സ്വഭാവം ഭവനത്തിൽ നിന്നു ലഭിച്ചതുതന്നേ ആയിരിക്കും . ഒരു പരിധിക്കപ്പുറം പോകാൻ അവർക്കു കഴിയുകയില്ല . അവരുടെ ഹൃദയം അവരെ കുറ്റംവിധിക്കുകയും

അവർ മടങ്ങിവരികയും ചെയ്യുമെന്നതിൽ സംശയമില്ല . മാതാപിതാക്കൾ ദൈവഭയമില്ലാതെ അമാതൃകയായി ജീവിച്ചാൽ മക്കൾ ആ പാത പിൻ തുടരുമ്പോൾ അവരെ ഉപദേശിക്കാൻ ധൈര്യമില്ലാതെ നോക്കി നിൽക്കേണ്ടിവരും . വാക്കിലും നടപ്പിലും കുഞ്ഞുങ്ങളുടെ മുമ്പിൽ മാതൃകാ ജീവിതം നയിപ്പാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം . മക്കൾ നമ്മെ നോക്കുമ്പോൾ മുഖംമൂടിയില്ലാത്ത യഥാർത്ഥ ഭക്തിയും ദൈവ സ്നേഹവും ക്രിസ്തുയേശുവിലെ ഭാവവും നമ്മിൽ കാണട്ടെ . ചൊല്ലും ചോറും മാത്രം പോര മാതൃകാപരമായ ജീവിതവും കണ്ണീരോടുകൂടിയ പ്രാർത്ഥനയുമുണ്ടെങ്കിലേ നല്ല തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ .

വഷളത്വം നിറഞ്ഞ ലോകത്തിൽ നമ്മുടെ കുഞ്ഞുങ്ങൾ ഈ ലോകത്തിന് അനുരൂപരാകാതെ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളുമായി നിലനിൽക്കണമെങ്കിൽ രാത്രിയാമങ്ങളിൽ അവർക്കായി കണ്ണുനീരോടെ പ്രാർത്ഥിക്കുവാൻ നാം തയ്യാറാകണം. നമ്മുടെ അമാതൃകകൊണ്ടും അലസതകൊണ്ടും നമ്മുടെ തലമുറ നഷ്ടപ്പെടരുത്. നന്മ ചെയ്യാനും കൂട്ടായ്മ കാണിപ്പാനും അതിഥിസൽക്കാരം ആചരിക്കാനും ഒക്കെ കുട്ടികൾ ഭവനത്തിൽനിന്നു തന്നെ പഠിക്കട്ടെ . കർത്താവിന്റെ വേലയ്ക്കു വേണ്ടി ഔദാര്യമായി കൊടുക്കുന്നതും ദൈവ ഭക്തന്മാരെ മാനിക്കുന്നതും മറ്റുള്ളവരുടെ കഷ്ടങ്ങളും പ്രശ്നങ്ങളും മനസിലാക്കി സഹായിക്കുന്നതും കണ്ടു വളരുന്ന കുട്ടികളും ദാനശീലരും ഹൃദയ വിശാലതയുള്ളവരുമായി മാറും .
മാതാപിതാക്കൾ ജീവിതത്തിന്റെ പ്രതികൂല സാഹചര്യങ്ങളിലും വിശ്വാസത്തിന്റെ പരിശോധനകളിലും കാട്ടുന്ന ദൈവാശ്രയവും ധൈര്യവും പ്രത്യാശയും അവർ ഹൃദയത്തിൽ സംഗ്രഹിക്കട്ടെ . ഈ ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞു പോകുന്നതാണ് എന്നു മനസിലാക്കി നിത്യതയ്ക്കുവേണ്ടി കരുതുവാനും അദ്ധ്വാനിക്കുവാനും നമ്മുടെ പ്രോത്സാഹനവും പ്രാർത്ഥനയും അവർക്കു ശക്തി പകരട്ടെ .

ജീവിതത്തിന്റെ ഏതു പ്രതിസന്ധിയിലും എത്ര ഭാരമേറിയ അവസ്ഥയിലും മാതാപിതാക്കളും മക്കളും ഒരുമിച്ച് ഐക്യമത്യപ്പെട്ടു പ്രാർത്ഥിച്ചാൽ വിടുതലുണ്ട് എന്നും അവർ അനുഭവിച്ചറിയട്ടെ . എന്റെ മാതാപിതാക്കളുടെ ദൈവം എന്റെ ദൈവം എന്ന് അവർ ധൈര്യത്തോടെ പറയട്ടെ . ഇവിടെ നാമും നമ്മുടെ കുഞ്ഞുങ്ങളും ഒരുമിച്ചായിരിക്കുന്നതുപോലെ നിത്യതയിലും നമ്മുടെ കർത്താവിനോടൊപ്പം ഒരുമിച്ചു വാഴുവാൻ ദൈവമായ കർത്താവു നമുക്കെല്ലാവർക്കും സഹായിക്കട്ടെ .